## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5322 — 23.05.2017-ൽ മറുപടിയ്ക്ക്

### സ്ഥാനക്കയറ്റം മുടങ്ങിക്കിടന്നിരുന്ന പഞ്ചായത്ത് സെക്രട്ടറി തസ്തിക

**ചോദ്യം**

**ശ്രീ. യു.ആർ. പ്രദീപ്**

**ഉത്തരം**

**ശ്രീ. കെ.ടി. ജലീൽ**

**(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| ക്രമ നമ്പർ | ചോദ്യം | ക്രമ നമ്പർ | ഉത്തരം |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, തദ്ദേശ സ്വയംഭരണവകുപ്പിൽ, പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ സ്ഥാനക്കയറ്റം മുടങ്ങിക്കിടന്നിരുന്ന എത്രപേരെ സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 276 അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ടുമാരെ പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട്. |
| (ബി) | മുൻ ഗവൺമെന്റിന്റെ കാലത്ത് സ്ഥാനക്കയറ്റം മുടങ്ങികിടക്കാൻ കാരണം എന്തായിരുന്നു; വ്യക്തമാക്കുമോ? | (ബി) | പഞ്ചായത്ത് വകുപ്പ ജീവനക്കാർ, പഞ്ചായത്ത് കോമൺ സർവ്വീസ് ജീവനക്കാർ എന്നീ വിഭാഗങ്ങളെ സംയോജിപ്പിച്ചുകൊണ്ട് കേരള പഞ്ചായത്ത് സബോർഡിനേറ്റ് ചട്ടങ്ങൾ 01.01.1990 പ്രാബല്യത്തിൽ പുറപ്പെടുവിച്ചു. അതിന്റെ അടിസ്ഥാനത്തിൽ രണ്ടു വിഭാഗം ജീവനക്കാരുടെയും സംയോജിത സീനിയോറിറ്റി/ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. ഈ ലിസ്റ്റിൽ അപാകതയുണ്ടെന്ന് കാണിച്ച് വിവിധ കാരണങ്ങളാൽ രണ്ടു വിഭാഗം ജീവനക്കാരും കോടതിയെ സമീപിച്ചിരുന്നു. ഡയറക്ടർ പ്രസിദ്ധീകരിച്ച |

| | | | | |
|---|---|---|---|---|
| | | | | 2010-ലെയും 2014-ലെയും സീനിയോറിറ്റി/ഗ്രഡേഷൻ ലിസ്റ്റുകൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ബഹു. ഹൈക്കോടതിയും റദ്ദാക്കിയതിനേത്തുടർന്ന് ടി വിധിക്കെതിരെ സർക്കാർ ബഹു. സുപ്രീംകോടതിയെ സമീപിക്കുകയുണ്ടായി. ബഹു. സുപ്രീം കോടതിയുടെ 13.05.2016-ലെ വിധിയിൽ തൽസ്ഥിതി തുടരുവാനും നിർദ്ദേശിച്ചിരുന്നു. അതിനാൽ പ്രൊമോഷനുകൾ തടസ്സപ്പെട്ടുകയായിരുന്നു. തുടർന്ന് 19.10.2016-ന് ചേർന്ന ഉന്നത തലയോഗം, സർക്കാർ ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്ത സിവിൽ അപ്പീൽ പിൻവലിക്കുന്നതിനും സർക്കാർ നിലപാട് ബഹു. സുപ്രീംകോടതിയെ അറിയിക്കാനും തീരുമാനിച്ചു. തുടർന്നുണ്ടായ 29.03.2017-ലെ ബഹു. സുപ്രീംകോടതി വിധിയിൽ പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ ഗ്രഡേഷൻ/ സീനിയോറിറ്റി ലിസ്റ്റ് ബന്ധപ്പെട്ട കോടതി വിധികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി ഏതെങ്കിലും ജീവനക്കാരന് റിവർഷൻ വരുന്നപക്ഷം ബഹു. സുപ്രീം കോടതിയുടെ അംഗീകാരം വാങ്ങുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**